# ACADAMIC

# MASTER PLAN

## M S SU P SCHOOL

## KANDANASSERY

# അക്കാദമിക മാസ്റ്റർ പ്ലാൻ - അടിസ്ഥാന ശാസ്ത്രം

| ശാസ്ത്രപഠനം-ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലഘട്ടം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തുന്നു. | ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള സാഹചര്യം ഒരുക്കുന്നു. | V,VI,VII | ജൂൺ - ആഗസ്റ്റ് | | |
| ശാസ്ത്ര നൈപുണികൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളിലേർപ്പെടുന്നു. | എല്ലാ ക്ലാസുകളിലും ശാസ്ത്രമൂല ഉറപ്പു വരുത്തിയിട്ടുണ്ട്. ഇതിനായി 5 മുതൽ 7 വരെയുള്ള ശാസ്ത്രപഠനത്തിന ആവശ്യമായ സാമഗ്രികൾ ലിസ്റ്റ് ചെയ്യുന്നു. | | | ശാസ്ത്രാധ്യാപിക | |
| | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ,നിർമ്മിക്കേണ്ടവ,ക്ലാസിൽ സൂക്ഷിക്കേണ്ടവ,എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. | | | ജൂൺ-സെപ്തംബർ | |
| | ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ,സാമഗ്രികൾ എന്നിവ ശേഖരിച്ചിട്ടുണ്ട്. | | | ജൂൺ - മാർച്ച് | |
| | ശാസ്ത്ര പുസ്തകങ്ങൾ കുട്ടികൾ വായിച്ച് വായനാകുറിപ്പ് തയ്യാറാക്കൽ. | | | ജൂലൈ - ആഗസ്റ്റ് | |

| | | | | | |
|---|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലഘട്ടം | ചുമതല | സാമ്പത്തികം |
| ശാസ്ത്രം മാനവപുരോഗതിക്ക് എന്ന ലക്ഷ്യത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾ. | ഓരോ ക്ലാസിലും പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പരീക്ഷണങ്ങൾ നടത്തുന്നു. പരീക്ഷണകുറിപ്പ് തയ്യാറാക്കുന്നു.<br>മാസത്തിലൊരിക്കൽ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രോജക്ട് തയ്യാറാക്കുന്നു.<br>ശാസ്ത്രദിനാചരണങ്ങളോടനുബന്ധിച്ച വീഡിയോ പ്രദർശനം നടത്തുന്നു.<br>ചാന്ദ്രദിനം,ഓസോൺ ദിനം, ഹിരോഷിമ നാഗസാക്കി ദിനം എന്നിവ സമുചിതമായി ആചരിക്കുന്നു.<br>പോസ്റ്റർ നിർമ്മാണം,കൊളാഷ് | V,VI,VII | ജൂൺ - മാർച്ച്<br>ജൂലൈ - ആഗസ്റ്റ്<br>ആഗസ്റ്റ്-സെപതംബർ | ശാസ്ത്രാധ്യാപിക<br>ക്ലാസധ്യാപിക<br>H.M,SRG | |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം,പ്രസംഗം,കുറിപ്പ് തയ്യാറാക്കൽ എന്നിവ നടത്തുന്നു.<br><br>വിവിധ ശാസ്ത്രജ്ഞർ അവരുടെ കണ്ടുപിടിത്തങ്ങൾ ഇവ പരിചയപ്പെടുന്നു.<br>ശാസ്ത്രമാസികകൾ തയ്യാറാക്കുന്നു.<br><br>ശാസ്ത്രത്തിന ഒരു ദിനം ആചരിക്കുന്നു.ആവശ്യമായ മുന്നൊരുക്കത്തോടെ കുട്ടികൾ വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.ശാസ്ത്രോത്സവം നടത്തുന്നു. | | ഒക്ടോബർ-ഡിസംബർ<br>ജനുവരി-ഫെബ്രുവരി<br>മാർച്ച് ആദ്യവാരം | convenor,class tr. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതശാസ്ത്രം

| ഗണിതപഠനം-ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലഘട്ടം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പഠനനിലവാരം കണ്ടെത്തൽ-മികവുകൾ, പരിമിതികൾ കണ്ടെത്തുന്നു.<br><br>നിത്യജീവിതത്തിലെ പ്രശ്നങ്ങൾ സ്വയം കണ്ടെത്താനുള്ള പ്രാപ്തി നേടുന്നു.<br><br>ഗണിതാഭിരുചി വളർത്തുക | ഗുണനപട്ടിക ഹൃദ്യസ്ഥമാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ.<br><br>നിത്യജീവിതത്തിലെ പ്രശ്നങ്ങൾ ഗുണനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യുന്നു.<br><br>കുസൃതി കണക്കുകൾ ചെയ്യുന്നു.<br>മനകണക്കുകൾക്കുത്തരം കണ്ടെത്തുന്നു.<br>പഠനനില കണ്ടെത്തി കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.<br>ഗണിത കിറ്റ്<br>ഗണിത പഠനോപകരണങ്ങൾ - ശില്പശാല<br><br>Puzzle നിർമ്മാണം,ഗണിതകേളി,കട | V,VI,VII | ജൂൺ<br><br>ആഗസ്റ്റ് | ഗണിതാധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| | യിൽ നിന്ന് സാധനങ്ങൾ വാങ്ങികൂട്ടാനും കുറയ്ക്കാനുമുള്ള പരീശിലനം,ഗണിതശാസ്ത്രജ്ഞമാരെ പരിചയപ്പെടൽ | | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലഘട്ടം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കൃത്യതയോടും സൂക്ഷമതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പ്രാപ്തരാക്കുന്നു. | മട്ടകോണിന്റെയും മട്ടങ്ങളുടെയും ഉപയോഗം മനസ്സിലാക്കൽ,ജ്യാമീതിയരൂപങ്ങളുടെ ചിത്രീകരണം,കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിതരൂപങ്ങൾ പരിചയപ്പെടൽ.<br><br>ഗണിത ക്വിസ്<br>ഗണിത മൂല<br>ക്ലോക്ക് നിർമ്മിക്കൽ<br>ജ്യാമിതീയ രൂപങ്ങളുപയോഗിച്ച് നിർമ്മാണം<br>സംഖ്യ ചാർട്ടുകൾ,ഡൈസ്, സംഖ്യാ സ്ലിപ്പുകൾ,സംഖ്യമാല,പദസൂര്യൻ എന്നിവയുടെ നിർമ്മാണം,വർക്ക് ഷീറ്റ് നിർമ്മാണം - ഇവയെല്ലാം വച്ചുള്ള പതിപ്പ് തയ്യാറാക്കൽ | V,VI,VII | സെപ്തംബർ-ജനുവരി | | |

| | | | | | |
|---|---|---|---|---|---|
| | ഗണിതോത്സവം - സ്കൂൾതലം - പഞ്ചായത്ത്തലം | | ഫെബ്രുവരി - മാർച്ച് | | |

## മേഖലതലം - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. എല്ലാ വിദ്യാർത്ഥികൾക്കും ഹിന്ദി ഭാഷ അധികം എളുപ്പത്തിൽ പഠിക്കാനും,സംസാരിക്കാനുമുള്ള അവസരം. | ഓരോ ക്ലാസിലും പഠനപ്രവർത്തനങ്ങൾ നൽകുന്നു. കഥാവായന,കവിതാപാരായണം എന്നിവക്ക് അവസരമൊരുക്കുന്നു. | ജൂൺ ആഗസ്റ്റ് | V,VI | ഹിന്ദി അധ്യാപിക | |
| 2. വിദ്യാർത്ഥികൾക്ക് ഹിന്ദി ഭാഷയിൽ താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ. | പഠനപ്രവർത്തനത്തിന്റെ ഭാഗമായി ചാർട്ട് പേപ്പർ ഉപയോഗിച്ച് വിവിധയിനം പോസ്റ്റർ നിർമ്മിക്കാനുള്ള പരിശീലനം നൽകുന്നു. | സെപ്റ്റംബർ | VI,VII | ഹിന്ദി അധ്യാപിക | |
| | ഹിന്ദി ദിനാചരണം നടത്തുന്നു. | സെപ്റ്റംബർ ഒക്ടോബർ | V,VI,VII | | |
| 3.പഠന പരിശീലനം | ഡയറി, എഴുത്ത് എന്നിവ എഴുതാനായി | ഒക്ടോബർ | VI,VII | | |

| | | | | | |
|---|---|---|---|---|---|
| | പരിശീലിപ്പിക്കുന്നു.<br><br>അഭിനയ പരിശീലനം,ഹിന്ദി നാടകം ക്ലാസിൽ പഠനപ്രവർത്തനത്തിലെ ഒരു നാടകം അവതരിപ്പിക്കുന്നു. അഭിനയ പരിശീലനം നടത്തുന്നു.<br><br>ഹിന്ദി വാർത്തകൾ,സിനിമകൾ കൂടുതലായി കാണുവാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടുന്നു. | ഡിസംബർ<br><br>ജനുവരി<br><br>മാർച്ച് | VII | ഹിന്ദി അധ്യാപിക | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നതിന. | പഠനനില കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരമിതികളും കണ്ടെത്തുന്നു. | ജൂൺ 15 വരെ | English teacher | |
| | പരമിതികൾ പരിഹരിക്കുന്നതിന ആവശ്യമായ പേക്കേജ് തയ്യാറാക്കൽ അക്ഷരമാല,വാക്കുകൾ,വാചകങ്ങൾ | ജൂൺ 15-30 വരെ | English teacher | |
| | ഇംഗ്ലീഷിലുള്ള അസംബ്ലി | Describe objects ആഴ്ചയിൽ 2 ദിവസം അതിൽ ഇംഗ്ലീഷിൽ ഏതെങ്കിലും ഒരു പരിപാടി അവതരിപ്പിക്കൽ (Song,Story,Speech) | English teacher | |
| | ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ് | എല്ലാ ദിവസവും | English teacher | |
| | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് | ജൂലൈ - മാർച്ച് | English teacher | PTA, |

| | | | | |
|---|---|---|---|---|
| | പുസ്തകങ്ങൾ,പത്രം എന്നിവ ഉൾപ്പെടുത്തൽ | | | 2000-4000 രൂപ വരെ |
| | ഇംഗ്ലീഷ് തിയേറ്റർ-നാടകം,സ്കിറ്റ്, സംഭാഷണം, റേഡിയോ, നാടകം | ജനുവരി - മാർച്ച് | English teacher | 10000 രൂപ,PTA |
| | English Club | സർഗാത്മക ശേഷി വർദ്ധിപ്പിക്കുന്നു | English teacher | |
| | Spoken English Class | എല്ലാ മാസവും 30 മിനിറ്റ് | English teacher | 12000 രൂപ, പഞ്ചായത്ത് |
| | English Fest | 1 Day | English teacher | 2000 - BRC |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല സോഷ്യൽ സയൻസ്

| പ്രശ്നങ്ങൾ | പരിഹാര പ്രശ്നങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കുട്ടികൾക്ക് പഴയകാല ഉപകരണങ്ങളെക്കുറിച്ച് ധാരണക്കുറവ് | വീടുകളിൽ പഴയകാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ,സാധനങ്ങൾ ശേഖരിക്കൽ പ്രദർശനം | 2 ആഴ്ച | 1000 | പൂർവ വിദ്യാർത്ഥികൾ,രക്ഷിതാക്കൾ,അദ്ധ്യാപകർ |
| പ്രാദേശിക വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ | വിദഗ്ദരായ ആളുകളുടെ ക്ലാസ് | | 1000 | |
| പ്രാദേശിക ചരിത്രത്തെ കുറിച്ചുള്ള ധാരണയില്ലായ്മ | മുതിർന്ന പൗരൻമാരുമായി അഭിമുഖം<br>ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങളിലേയ്ക്ക് പഠനയാത്ര<br>കാവ് സന്ദർശനം<br>പ്രാദേശിക ചരിത്രം | | 10000 | രക്ഷിതാക്കൾ,മാനേജ്മെന്റ്, അദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| ചരിത്ര പ്രാധാന്യമുള്ള ദിനങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചുമുള്ള ധാരണ കുറവ് | ദിനാചരണം സംഘടിപ്പിക്കുക. അഭിമുഖം വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക | | 10000 | രക്ഷിതാക്കൾ,അദ്ധ്യാപകർ,മാനേജ്മെന്റ് |
| കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള അവബോധക്കുറവ്<br><br>പൗരധർമ്മം മനസ്സിലാക്കുക | വിദഗ്ദരുടെ ക്ലാസ് (വക്കീൽ)<br><br>വിദഗ്ദരായവരുടെ ക്ലാസ് സമൂഹമായി ഇടപെടൽ field trip | | | പൂർവ്വവിദ്യാർത്ഥികൾ,രക്ഷിതാക്കൾ, മാനേജ്മെന്റ്, അദ്ധ്യാപകർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ആമുഖം

അനുദിനം മാറികൊണ്ടിരിക്കുന്ന ലോകത്ത്, ക്രിയാത്മകമായി ഇട പെട്ട് ജീവിച്ചു മുന്നേറുന്നതിനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപികരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തി കളെ പ്രാപ്തരാക്കുകയാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതി യാണ് നാം ലക്ഷ്യം വയ്ക്കുന്നത്.

വികസനോന്മുഖമായ ഒരു സമൂഹനിർമിതിക്ക് ഉതകുന്ന വിധ ത്തിൽ കണ്ടാണശ്ശേരിയുടെ വിദ്യാഭ്യാസരംഗത്തെ മാറ്റി മറിക്കാനായി ട്ടാണ് 1968 ൽ M.S.S.U.P school സ്ഥാപിക്കപ്പെടുന്നത്. അന്ന് വളരെ കുറച്ച് കുട്ടികൾ മാത്രമേ വിദ്യാലയത്തിൽ പോയിരുന്നുള്ളൂ. ഉയർന്ന് പഠിക്കാൻ U P school ഇല്ലാതിരുന്ന സാഹചര്യത്തിൽ നാട്ടുകാരുടെ സംഘാടനത്തിൽ ധാരാളം ഭൂസ്വത്തുള്ള മണത്തിൽ കല്യാണിയുടെ സഹായത്തോടെയാണ് M.S.S.U.P school പ്രവർത്തനം ആരംഭിക്കുന്നത്. നിരവധി വ്യക്തികൾ ഈ വിദ്യാലയത്തിൽ നിന്നും പഠിച്ച് ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇപ്പോഴത്തെ പ്രധാനാധ്യാപിക ശ്രീമതി സിന്ധു ടീച്ചറുടെ നേതൃത്വത്തിൽ സ്കൂൾ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാ ദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായാണ് നമ്മൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

**ലക്ഷ്യങ്ങൾ**

ഓരോ വിദ്യാർത്ഥിക്കും വിദ്യാലയന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം . . . ) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാകുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാ

പകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാ

നുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവ രുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയ ങ്ങളെ സജ്ജരാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്ന തുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതി നുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## മേഖല - ഭൗതികം

സ്കൂൾ ആരംഭിച്ച കാലഘട്ടത്തെ അപേക്ഷിച്ച് സ്കൂളിന്റെ ഇന്നത്തെ ഭൗതിക സാഹചര്യം വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. നാല് ക്ലാസ്മുറികൾക്കും sealing, flooring എന്നിവ സ്റ്റാഫിന്റെ സഹകരണത്തോടെ ചെയ്തിട്ടുണ്ട്. രണ്ട് ടോയ്‌ലറ്റ് പഞ്ചായത്തിന്റെയും ഒരു യൂറിനൽ സ്റ്റാഫിന്റെ സഹകരണത്തോടെയും ചെയ്തിട്ടുണ്ട്.

| | ഭൗതികം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| | ചുറ്റുമതിൽ | 8 വർഷം | | ലക്ഷം |
| സ്കൂളിന്റെ ഭൗതിക സാഹ ചര്യം മെച്ച പ്പെടുത്തി വിദ്യാർത്ഥി കളെ വിദ്യാലയ ത്തിലേക്ക് ആകർഷി ക്കൽ | പാചകപ്പുര<br>യൂറിനൽ (Boys)<br>ഉദ്യാനം | 2 വർഷം<br>3 വർഷം<br>2 വർഷം | കേന്ദ്രവും സംസ്ഥാനവും സംയുക്തമായി സഹകരിച്ച്<br>പഞ്ചായത്ത്<br>PTA | 6 ലക്ഷം<br>4 ലക്ഷം<br>50000 |

**മേഖല - സാമൂഹികം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളാണ് നമ്മുടെ സ്കൂളിൽ കൂടുതലുള്ളത്. ആയതിനാൽ അവരുടെയും കുടുംബാംഗങ്ങളുടെയും ചികിത്സാചിലവ്, വീടില്ലാത്ത കുട്ടികൾക്ക് വീട് പണിയുന്നതിനാവശ്യമായ സഹായങ്ങൾ എന്നിവ നൽകി വരുന്നു. ഇനിയും അത്തരം സഹായങ്ങൾ ചെയ്യുവാനായി ഉദ്ദേശിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള സഹായം | • വീടില്ലാത്ത കുട്ടികൾക്ക് വീട് വക്കുന്നതിനോ അറ്റകുറ്റ പണികൾ നടത്തുന്നതിനോ ആവശ്യമായ സഹായം | • ക്ലാസ് ടീച്ചർ | ആവശ്യമനുസരിച്ച് |
| | ചികിത്സാ സഹായം | ക്ലാസ് ടീച്ചർ | ആവശ്യമനുസരിച്ച് |

**അക്കാദമിക നേട്ടങ്ങൾ**

നമ്മുടെ സ്കൂളിൽ നിന്നും പഠിച്ചുപോയ പലരും ഉന്നതനിലകളിൽ എത്തിയിട്ടുണ്ട്. ഡോ.ഷാജി ഭാസ്ക്കർ, അഡ്വ.മോഹൻ ദാസ്, അഡ്വ.നിഷാദ്, ഡോ. സതീശൻ, ഡോ. മനോജ്, ഡോ.ബാജി കൂടാതെ ഇവിടെ നിന്ന് പഠിച്ച് അധ്യാപക വൃത്തിയിൽ ഏർപ്പെടുന്ന അനേകം കുട്ടികളുമുണ്ട്.

കഴിഞ്ഞ വർഷങ്ങളിലെല്ലാം പാഠ്യ - പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തിവരുന്നു. 2016 - 17 മുതൽ എല്ലാ വർഷവും U.S.S scholarhip ലഭിക്കാറുണ്ട്. ഉപജില്ലാ സംസ്കൃതം കലോത്സവത്തിലും 3 വർഷമായി രണ്ടാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ശാസ്ത്രോത്സവത്തിലും കുട്ടികളെ പങ്കെടുപ്പിച്ച് സമ്മാനങ്ങൾ കരസ്ഥമാക്കാറുണ്ട്.

മേഖല - അക്കാദമികം

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നതിന | പ്രീ ടെസ്റ്റ് നടത്തി പഠനനില കണ്ടെത്തി വിശകലനം ചെയ്ത് മികവുകളും പരമമതികളും കണ്ടെത്തുന്നു. | ജൂൺ ആദ്യ വാരം | മലയാളം അധ്യാപിക | 2000 രൂപ മുതൽ 3000 വരെ. PTA,staff എന്നിവരിൽ നിന്നും തുക കണ്ടെത്തുന്നു. |
| | പരിമിതികൾ പരിഹരിക്കുന്നതിന ആവശ്യമായ പേക്കേജ് തയ്യാറാക്കൽ. (അക്ഷരമാല,വാക്കുകൾ,വാചകങ്ങൾ) | ജൂൺ രണ്ടാം വാരം മുതൽ ജൂൺ 30 വരെ | മലയാളം അധ്യാപിക | |
| | അസംബ്ലിയിൽ കഥ, കവിത,പ്രസംഗം എന്നിവയുടെ അവതരണം. | മലയാളം അസംബ്ലിയുള്ള ദിവസങ്ങളിൽ. | | |
| | വായനശീലം വളർത്തുന്നതിന ഓരോ ക്ലാസ്സിലും ലൈബ്രറി പുസ്തകങ്ങൾ വച്ച് വായന ഉറപ്പു വരുത്തുന്നു. | | ക്ലാസ് ടീച്ചർ | |
| | വായനക്കുറിപ്പ്,പുസ്തകാസ്വാദനം തയ്യാറാക്കൽ എന്നിവ നടത്തുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല - അക്കാദമികം UP ഉപമേഖല :

സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| ❖ എല്ലാകുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും, എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>❖ അക്ഷരങ്ങളും പദങ്ങളും,ആശയങ്ങളും ഉറപ്പിക്കുക.<br>❖ കാണുന്നതും,കേൾക്കുന്നതും,ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ | ❖ ടെസ്റ്റ് നടത്തി മികവുകളും പരമിതികളും കണ്ടെത്തുന്നു.<br>❖ പരമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>❖ പതിപ്പുകൾ, മാഗസിനുകൾ.<br>❖ രചനാശിൽപശാലകൾ<br>❖ സംസ്കൃത ദിനാചരണം അസംബ്ലി<br>❖ ഒഴിവു സമയങ്ങളിൽ പ്രത്യേക ക്ലാസ്.<br>❖ വായനമൂല,പദപയറ്റ്,ചോദ്യോത്തര പയറ്റ്, നിഘണ്ടു | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ, വീഡിയോകൾ,ചിത്രങ്ങൾ etc . . | |

| | | | | |
|---|---|---|---|---|
| സംസ്കൃതത്തിൽ പഠിക്കുക.<br>❖ ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>❖ എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>❖ സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ. | നിർമ്മാണം, മാഗസിൻ നിർമ്മാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമ്മാണം, കഥ, ഉപന്യാസം രചിക്കൽ & അവതരണം etc . . .<br>❖ വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ, കഥ,കവിത ,സുഭാഷിതങ്ങൾ, ജീവചരിത്രകുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ.<br>❖ വിവിധ കലാരൂപങ്ങളുടെ demonstration | | | |

മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ഉറവിടം |
|---|---|---|---|---|
| 2) ഭാവാത്മകമായ വായന പരിശീലിപ്പിക്കുന്നു. | * English Assembly :- ആഴ്ചയിൽ ഒരു ദിവസം (ബുധൻ) ഇംഗ്ലീഷ് Assembly നടത്തുന്നു. ഇംഗ്ലീഷ് കഥകൾ വായിക്കുന്നു. Quotes വായിക്കുന്നു.<br>* Reader of the month :- അസംബ്ലിയിൽ ഇംഗ്ലീഷ് ദിനപത്രം വായിക്കാൻ അവസരം നൽകി Reader of the month-നെ ആദരിക്കുന്നു. | ജൂൺ - മാർച്ച്. | ഇംഗ്ലീഷ് അധ്യാപിക | |
| | * I Too Can :- വ്യത്യസ്ത തലങ്ങളിലായി വിവിധ വായനകാർഡുകൾ ശേഖരിക്കുന്നു. തെറ്റുകൂടാതെ വായിക്കാൻ അവസരം നൽകുന്നു. [ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്] | ആഗസ്റ്റ്. സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപിക | |
| 3) തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | * Run Baby Run :- ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേയ്ക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും അധികം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപിക | |
| | Alert Zone :- സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | നവംബർ | ,, | |

മേഖല - യു. പി. മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ഉറവിടം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും മലയാളം ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുന്നതിന് | പ്രീ ടെസ്റ്റ് നടത്തി പഠനനിലവാരം കണ്ടെത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ ആദ്യവാരം | മലയാളം അധ്യാപിക. | |
| | പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പേക്കേജ് തയ്യാറാക്കൽ [അക്ഷരമാല, വാക്കുകൾ, വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കൽ, വാചകങ്ങൾ] | ജൂൺ രണ്ടാംവാരം മുതൽ ജൂൺ 30 വരെ | | |
| നേടിയ ശേഷികൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കൽ. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (വാചികം, ലിഖിതം) അവതരിപ്പിക്കുന്നു. | ജൂൺ മാസം. | മലയാളം അധ്യാപകർ. | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂലൈ | മലയാളം അധ്യാപിക. | |
| | പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് - അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂലൈ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ഉറവിടം |
| --- | --- | --- | --- | --- |
| | അസംബ്ലിയിൽ കഥ, കവിത, പ്രസംഗം, കഥാവായന, പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്വിസ് എന്നിവയുടെ അവതരണം. | ജൂൺ മുതൽ മാർച്ച് വരെ. | മലയാളം ക്ലബ് | |
| സാഹിത്യ കൃതികളോടും സാഹിത്യകാരൻമാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | - വായന ശീലം വളർത്തുന്നതിന് ഓരോ ക്ലാസ്സിലും ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. വായനക്കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. | മാസത്തിലൊരിക്കൽ | മലയാളം അധ്യാപിക. | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | <u>രംഗാവിഷ്കാരം</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിലും വിദ്യാരംഗം കലാസാഹിത്യവേദിയുടെ മീറ്റിംഗുകളിലും അവതരിപ്പിക്കാൻ അവസരം നൽകുന്നു. | മാസത്തിലൊരിക്കൽ | മലയാളം അധ്യാപിക. | |

മേഖല. യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ഉറവിടം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു. | * Pre Test :- പ്രീ. ടെസ്റ്റ് നടത്തി കഴിഞ്ഞ വർഷങ്ങളിൽ കുട്ടികൾ ആർജ്ജിച്ചെടുത്ത അറിവ് പരിശോധിക്കുന്നു. Self Introduction നടത്താൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപിക | |
| | * Follow me If You Can :- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ, ജൂലൈ | | |
| | * Breaking news :- ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | ജൂൺ - മാർച്ച് | ഇംഗ്ലീഷ് അധ്യാപിക. | |
| | * Lend your Ear :- ലളിതവും രസകരവുമായ ഇംഗ്ലീഷ് കഥകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. കഥകളെ അടിസ്ഥാനമാക്കിയുള്ള ലളിതമായ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ -15 മുതൽ. | ഇംഗ്ലീഷ് അധ്യാപിക | |
| | * പാഠഭാഗവുമായി ബന്ധപ്പെടുത്തിയുള്ള ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ പറയാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | | | |
| | * ഇംഗ്ലീഷ് ക്ലാസ്സിൽ ഇംഗ്ലീഷിൽ മാത്രം സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. ക്ലാസ്സിൽ ഒരു വസ്തുവിനെ കുറിച്ച് വർണ്ണിക്കാൻ ഓരോ കുട്ടിക്കും അവസരം നൽകുന്നു. - English Day - | | ക്ലാസ് അധ്യാപിക. | |

മേഖല :- ടി.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചിലവ് | സാമ്പത്തിക ഉറവിടം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Fun Time :- കുസൃതി ചോദ്യങ്ങൾ, കടങ്കഥകൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ജനുവരി | | |
| | പാഠഭാഗത്തിലെ പ്രവർത്തനങ്ങൾ (Conversation, description) എന്നിവ സ്വയം എഴുതാനും ഗ്രൂപ്പിൽ ചർച്ച ചെയ്ത് തിരുത്തി മികച്ചതാക്കി Role-play അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ജൂൺ മുതൽ എല്ലാ ഇംഗ്ലീഷ് പിരിഡുകളിൽ | | |
| ഇംഗ്ലീഷ് തെറ്റ് കൂടാതെ പറയാനും ഭാവങ്ങൾ ഉൾക്കൊണ്ട് അവതരിപ്പിക്കാനും പ്രാപ്തരാക്കുന്നു. | പാഠഭാഗത്തെ അടിസ്ഥാനമാക്കിയുള്ള ചെറിയ skit-കൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഇംഗ്ലീഷ് Fest ഫെബ്രുവരി. | | |

## സാമൂഹ്യശാസ്ത്ര ക്ലബ്.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഉദാ പരിശീലനത്തിലൂടെ നേടിയെടുക്കൽ | അന്താരാഷ്ട്രീയ തലം മുതൽ ജില്ലാ തലം വരെയുള്ള നദികൾ, ദ്വീപുകൾ, തലങ്ങളുടെ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യത ഉപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപക |
| 2. | പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റുക. | Virtual Field Trip<br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ, പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം | Social Science Teacher. |
| 3. | ഇന്ത്യയുടെ ചരിത്രപരമായ ജീവിതം സമരങ്ങൾ പരിചയപ്പെടുത്തുക. | സ്വാതന്ത്ര്യത്തിൽ നിന്ന് അറിയേണ്ടത്:<br>ഗാന്ധിജി, ഭഗത് സിംഗ് തുടങ്ങിയ മഹാന്മാരിലൂടെ ഇന്ത്യയുടെ ചരിത്രത്തിലൂടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | July August | Social Science Teacher. |
| | പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി, അതിജീവനത്തിന് പഠിതാക്കളെ പ്രാപ്തരാക്കുന്നു. | പ്രകൃതി ദുരന്തം നേരിടാം:-<br>ഭൂകമ്പം, സുനാമി, ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യങ്ങളിലൂടെ ദുരന്തങ്ങളുടെ നിവാരണത്തെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക. | September | Social Science Teacher |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| സഹജീവികളോട് സഹാനുഭൂതി വളർത്തി ഇടപെടാൻ പ്രോത്സാഹിപ്പിക്കുന്നു. | <u>ഒരു കൈത്താങ്ങ്</u><br>കുട്ടി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ദുരിതബാധിത വ്യക്തികൾ ഉണ്ടെങ്കിൽ അവരെ സന്ദർശിച്ച് ജീവിതത്തിന് അവരാൽ കഴിയുന്ന സഹായം ചെയ്യാൻ അവസരം നൽകുന്നു. വിദ്യാലയ ശുചിത്വത്തിന്റെ ഭാഗമായി കുട്ടികൾ ശേഖരിച്ച സാധനങ്ങൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു. | അക്കാദമിക വർഷം | Social Science teacher |
| വിവര വിനിമയ സാങ്കേതിക വിദ്യ കൂടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവൃത്തി തിന്മകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് Police ന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | Social Science teacher |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# പ്രൊജക്റ്റ് സംസ്കൃതം

→ **<u>സംസ്കൃതം ലൈബ്രറി</u>**

സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ,ജീവചരിത്രഗ്രന്ഥങ്ങൾ, തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

→ **<u>സംസ്കൃതദിനാചരണം</u>**

സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

→ **<u>സംസ്കൃത അസംബ്ലി</u>**

വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

→ **<u>സംസ്കൃത സംഭാഷണ ശിബിരം</u>**

സംഭാഷണ പാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

→ **<u>പഠനയാത്രകൾ സംഘടിപ്പിക്കൽ</u>**

സംസ്കൃത കൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

→ **<u>വിവിധ മത്സരങ്ങൾ</u>**

കഥാരചന,കവിതരചന,ഉപന്യാസരചന,പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

→ **<u>മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം</u>**

സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു.എസ്.എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

➔ **ഐ.ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**

വിക്ടേഴ്സ് ചാനൽ,സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതിക വിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ, സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ

USS

ജൂലൈ മാസം മുതൽ USS പരീക്ഷക്കുള്ള
പ്രത്യേക പരിശീലനം
ആരംഭിക്കാൻ തീരുമാനിച്ചു

മാത്സ്, ഇംഗ്ലീഷ്, സയൻസ് എന്നീ
വിഷയങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകാനും
തീരുമാനിച്ചു

# മലയാളം

ഭാഷയോടുള്ള ഇഷ്ടം വർധിപ്പിക്കുന്നതിനായി

വെള്ളിയാഴ്ച ദിവസങ്ങളിൽ പത്ര വാർത്ത ക്വിസ് സംഘടിപ്പിക്കുന്നു

ിദ്യാർത്ഥികൾ പത്രം വായിച്ചു ദിവസവും 3 ചോദ്യങ്ങൾ കണ്ടെത്തിവരണം

ൂടുതൽ ചോദ്യങ്ങൾ എഴുതി വരുന്ന കുട്ടികൾക്ക് സമ്മാനം കൊടുക്കാനും
തീരുമാനിച്ചു